# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണ്ടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-7/76/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണ്ടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-7/76/2023 തീയ്യതി: 29/03/2023

# ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 20-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 20-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഫമിൻ.എസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ. ജി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ആശാ.വി.നായർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷൈലജ.പി.എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അർച്ചന.യു.എസ്സ്. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സ്മിത | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീതാകുമാരി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 21-12-2021 |
| ശ്രീമതി.സൌമ്യമോൾ.യു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 22-12-2021 | 31-03-2022 |
| ഡോ. ചിത്രാസാബു | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.പാർവ്വതി.സി | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.രാധിക.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജി.കെ.എം | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മേരിഷീജ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ബൈജു.റ്റി.എസ്സ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി റെജി മോൾ | ഡയറി ഫാം ഇൻസ്റ്റ്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിച്ചില്ല, വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണത്തിൽ അവ്യക്തത | 1-10 |
| 12 | ഡി.സി.ബി കണക്കുകളിൽ കൃത്യതയില്ല, രജിസ്റ്ററിലെ കണക്കുമായി പൊരുത്തമില്ല | 1-11 |
| 13 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല | 1-12 |
| 14 | വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല | 1-13 |
| 15 | കടത്തുവള്ളങ്ങൾ -ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തനം നടത്തുന്നു | 1-14 |
| 16 | മത്സ്യ ഉത്പാദന സഹകരണ സംഘത്തിന് ടോയ്‌ലറ്റ്-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ് | 1-15 |
| 17 | ആയുർവേദ ഹോസ്പിറ്റൽ -മെയിന്റനൻസ്- വർക്ക് യഥാസമയം പൂർത്തീകരിച്ചില്ല, ഫൈൻ ഈടാക്കിയില്ല | 1-16 |
| 18 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - ധനവിനിയോഗ രേഖകളുടെ അഭാവം | 1-17 |
| 19 | ആശ്രയ ഫണ്ട് യഥാസമയം വിനിയോഗിച്ചില്ല, തുക നിക്ഷേപമായി നിലനിൽക്കുന്നു | 1-18 |
| 20 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും ആക്റ്റീവായി നിലനിൽക്കുന്നു | 1-19 |
| 21 | വി.ഇ.ഒ നിർവ്വഹിച്ച പദ്ധതികൾ - രേഖകൾ സൂക്ഷിക്കുന്നതിൽ അലംഭാവം, പദ്ധതി നിർവ്വഹണത്തിലും അപാകങ്ങൾ | 1-20 |
| 22 | പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - സർക്കാർ | 1-21 |

| | | |
|---|---|---|
| | നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക വിലയുള്ള ലാപ് ടോപ് വാങ്ങി വിതരണം നടത്തി | |
| 23 | മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണം - സബ്സിഡി മാർഗ്ഗ രേഖ പാലിച്ചില്ല | 1-22 |
| 24 | കരിമ്പ് കൃഷിക്ക് യാതൊരു പദ്ധതികളും ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കുന്നില്ല | 1-23 |
| 25 | കിണർ നിർമ്മാണം (എസ്.സി) – സ്പിൽ ഓവർ പ്രോജക്ട് പോലും നടപ്പായില്ല | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 23.2.2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 72305015 | 82979177 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 85161856 | 87785274 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. യഥാർത്ഥ്യ ബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 29.06.2022 |

## 1-2-1 വാർഷികകണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ, ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ജി.ഒ.(ആർ.റ്റി) നം. 2549/2022/ഫിൻ തീയതി 30-03-2022 പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ ലഭിച്ച അവസാന ഗഡു 11,939/- രൂപ ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ജനറൽ പർപ്പസ് ഫണ്ടിനത്തിൽ പ്രസ്തുത തുക വരവായി ഉൾപ്പെടുത്തിയിട്ടില്ല.

2. വാർഷികധനകാര്യ പത്രികയോടൊപ്പമുള്ള അനുബന്ധ പത്രികകൾ പ്രകാരം 31-03-22 ൽ 25,29,061/- രൂപ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി രേഖപ്പെടുത്തി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(a) പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ടി തുക ഉൾപ്പെടുത്തിയിട്ടില്ല.

3. മുൻവർഷത്തെ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, ഷെഡ്യൂൾ ബി-18 ൽ ഹെഡ്ഡ് ഓഫ് അക്കൗണ്ട് 460600101 പ്രകാരം 2,50,000/-രൂപ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ (31-03-2021-ൽ) നീക്കിയിരിപ്പുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ടി തുക മുന്നിരിപ്പായി ഉൾപ്പെടുത്തുകയോ ആയത് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ചേർക്കുകയോ ചെയ്തിട്ടില്ല. നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ 2021-22 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18-ൽ പ്രസ്തുത തുക കൂടി ഉൾപ്പെടുത്തേണ്ടതാണ്.

4. പഞ്ചായത്തിന്റെ പ്രധാന തനതുവരുമാനങ്ങളുടെ ഡിസിബി പത്രിക പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 1-11- ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകളിൻമേൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.1 തീയതി17-01-2023) നൽകിയതിന് മറുപടി ലഭ്യമായില്ല. വാർഷിക കണക്കിലെ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7258601 |
| വരവ് | 36973528 |
| ആകെ | 44232129 |
| ചെലവ് | 38641230 |
| നീക്കിയിരുപ്പ് | 5590899 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 17,16,239 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 8100635 | 8100635 | 7539440 | 561195 |
| വികസന ഫണ്ട് (സി.എസ്.പി) | 0 | 4628333 | 4628333 | 4168178 | 460155 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6532000 | 6532000 | 3376878 | 3155122 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4853319 | 4853319 | 2847641 | 2005678 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 3983393 | 3983393 | 1164875 | 2818518 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 1821412 | 1821412 | 1621827 | 199585 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 44270017 | 80 | 26461109 | 40 | 11 | 61.068% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 488616 | 600695 | 1089311 | 1085861 | 3450 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20054000 | 20054000 | 20054000 | 0 |
| ആകെ | 488616 | 20654695 | 21143311 | 21139861 | 3450 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25200 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 5478400 | 350 |
| വിധവാപെൻഷൻ | 6216300 | 113 |
| വാർദ്ധക്യകാല പെൻഷൻ | 16503400 | 700 |
| വികലാംഗ പെൻഷൻ | 2449200 | 166 |
| അവിവാഹിത പെൻഷൻ | 112000 | 7 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 17.01.2023 ന് നടത്തുകയുണ്ടായി. പരിശോധനയിൽ 4225/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എന്നിരുന്നാലും തനതു വരുമാനം കുറവുള്ള ഒരു പഞ്ചായത്ത് എന്ന നിലക്ക് തനത് വരവിൽ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതും, പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതും തനത് വരവിൽ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ സഹായിക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ്.

## 1-10 ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിച്ചില്ല, വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണത്തിൽ അവ്യക്തത

പഞ്ചായത്തിൽ തയ്യാറാക്കിയ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ കെട്ടിടങ്ങളുടെ ഒരു ലിസ്റ്റ് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിൽ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടേയും വിവരങ്ങൾക്ക് പകരം ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്തിലെ ആകെയുള്ള 325 വാണിജ്യകെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണുള്ളത്. ടി കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നവ ഏത്, വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തവ ഏത് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 91 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങളുടേയും വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ രേഖപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഡി.സി.ബി കണക്കുകളിൽ കൃത്യതയില്ല, രജിസ്റ്ററിലെ കണക്കുമായി പൊരുത്തമില്ല

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഡി.സി.ബി കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി.ബി കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ജീവനക്കാരുടെ തൊഴിൽ നികുതി

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 371510 | 346760 | 0 * |
| രജിസ്റ്റർ പ്രകാരം | 379060 | 379060 | 0 |
| വ്യത്യാസം | 7550/- | 32300/- | |

*വാർഷിക ധനകാര്യ പത്രികയിലെ ഡി.സി.ബി പ്രകാരം 24750/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ തുകയൊന്നും കാണിച്ചിട്ടില്ല.

2)ട്രേഡേഴ്സ് തൊഴിൽ നികുതി

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 150350 | 150350 | 0 |
| രജിസ്റ്റർ പ്രകാരം | 116300 | 116300 | 0 |
| വ്യത്യാസം | 34050/- | 34050/- | |

ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതിയിനങ്ങളിൽ വാർഷിക ധനകാര്യ പത്രികയിലേയും രജിസ്റ്ററുകളിലേയും ഡി.സി.ബി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

3)വസ്തുനികുതി

വസ്തുനികുതിയിനത്തിൽ 2020-21 വർഷം 100% കളക്ഷൻ ലഭിച്ചതിനെ തുടർന്ന് 2020-21 ലെ ബാലൻസ് ഷീറ്റിൽ തുകയൊന്നും ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരുന്നില്ല. എന്നാൽ 2021-22 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പ്രകാരം തൻവർഷം വസ്തുനികുതി അരിയർ (റെസിഡെൻഷ്യൽ) 2866/- രൂപയും വസ്തുനികുതി (നോൺ റെസിഡെൻഷ്യൽ) അരിയർ 389/- രൂപയും ലഭിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ 100% കളക്ഷൻ ലഭിച്ചിട്ടുള്ള

സാഹചര്യത്തിൽ തൻവർഷം അരിയർ വസ്തുനികുതി ലഭിച്ചതുവഴി വസ്തുനികുതി കണക്കിൽ അപാകതയുള്ളതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഡി.സി.ബി കണക്കുകൾ കൃത്യമാക്കി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല

ഡെപ്പോസിറ്റ് ഇനത്തിൽ മൂന്ന് വർഷത്തിലേറെയായതും കാലഹരണപ്പെട്ടതുമായ തുകകൾ മുതൽക്കൂട്ടാതെ അവശേഷിക്കുന്നതായി കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ മൂന്ന് വർഷം കഴിഞ്ഞിട്ടുള്ള തുകകളായതിനാൽ കാലഹരണപ്പെട്ടിട്ടുള്ളതാണ് (കെ.എഫ്.സി Vol.1, 56B- പ്രകാരം)

ലേലം ഇ.എം.ഡി

| തീയതി | രസീത് നമ്പർ/വൌച്ചർ നമ്പർ | ഡെപ്പോസിറ്ററുടെ പേര് | തുക |
|---|---|---|---|
| 17.02.17 | 1160110787 | മാത്യു വർഗ്ഗീസ് | 8200 |
| 17.02.17 | 1160110788 | ശശികല | 500 |
| 31.03.17 | 11601102376 | രാധാകൃഷ്ണൻ | 5200 |
| 31.03.17 | 11601102379 | പ്രസാദ് | 200 |
| 19.03.18 | 17010102340 | വിൻസെന്റ് | 3200 |
| 24.07.18 | 118010100638 | ജോൺ | 1000 |
| 24.07.18 | 118010100639 | ബിജു | 250 |
| 24.07.18 | 118010100640 | ശ്രീകല | 500 |
| 24.07.18 | 118010100641 | സോമരാജൻ | 400 |

മറ്റു ഡെപ്പോസിറ്റുകൾ

| | | | |
|---|---|---|---|
| 14.10.15 | 11501100599 | പുഷ്പ | 1000 |
| 14.10.15 | 11501100600 | ഗീവർഗ്ഗീസ് | 1000 |
| 14.10.15 | 11501100601 | വത്സല മോഹൻ | 1000 |
| 14.10.15 | 11501100603 | ശശികല | 500 |
| 14.10.15 | 11501100605 | എലിസബത്ത് | 1000 |
| 14.10.15 | 11501100608 | ശ്രീകല | 1000 |
| 14.10.15 | 11501100612 | സൈമൺ | 1000 |
| 14.10.15 | 11501100618 | മറിയാമ്മ | 1000 |
| 14.10.15 | 11501100619 | റോണി | 1000 |
| 14.10.15 | 11501100621 | മോളമ്മ | 500 |
| 14.10.15 | 115011006022 | രാധാകൃഷ്ണപിള്ള | 1000 |

കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ

| | | |
|---|---|---|
| 31.03.15 | 11406900006 | 3887 |
| 07.07.17 | 11401106622 | 9882 |
| 07.07.17 | 11703090002 | 10635 |
| 13.07.17 | 118030900013 | 4025 |
| 13.03.19 | 118100900065 | 2447 |
| 16.03.19 | 118100900055 | 2686 |
| 16.03.19 | 118100900056 | 7588 |
| 26.03.19 | 118100900139 | 4000 |
| 27.05.19 | 119100900003 | 2939 |
| 26.06.19 | 119100900009 | 1702 |

ബിഡേഴ്സ് ഇ .എംഡി

| | | | |
|---|---|---|---|
| 17.02.17 | 11601101787 | മാത്യു വർഗ്ഗീസ് | 100 |
| 17.02.17 | 1140140004 | ശശികല | 100 |
| 17.02.17 | 11601101787 | രാധാകൃഷ്ണൻ | 100 |
| 06.10.17 | 117010100960 | എസ്.ബി.സിസ്റ്റം. കല്ലിശ്ശേരി | 850 |
| 27.02.18 | 117010100091 | എസ്.ബി.സിസ്റ്റം. കല്ലിശ്ശേരി | 3400 |
| 27.02.18 | 11701012014 | ഗോപിനാഥൻ | 200 |
| 27.02.18 | 11701012015 | അശോകൻ | 200 |
| 27.02.18 | 117010100638 | ജോൺ ഇഞ്ചക്കുഴിയിൽ | 100 |
| 27.02.18 | 117010102340 | വിൻസെന്റ് | 200 |
| 27.02.18 | 117010100639 | ബിജു മാളികയിൽ | 50 |
| 27.02.18 | 11701010640 | ശ്രീകല വിഷ്ണുനിവാസ് | 100 |
| 24.07.18 | 118070100641 | സോമരാജൻ, തട്ടാരുപറമ്പിൽ | 100 |

സപ്ലൈയേഴ്സ് ഇ .എം.ഡി

| | | | |
|---|---|---|---|
| 02.02.17 | 11601101698 | വെറ്റിനറി മെഡിസിൻ സപ്ലൈ | 900 |
| 29.03.17 | 11601109200 | സ്മാർട്ട് ടെക്കനിക്സ് | 11875 |
| 09.03.17 | 11601109209 | സ്മാർട്ട് ടെക്കനിക്സ് | 2500 |
| 09.10.17 | 11701010055 | സ്മാർട്ട് ടെക്കനിക്സ് | 1505 |
| 19.10.17 | 11701010055 | എവർഷൈൻ എന്റർപ്രൈസസ് | 2625 |
| 19.10.17 | 11701010055 | ലിജു അരവിന്ദ് | 600 |
| 19.10.17 | 11701010055 | അന്ന ട്രേഡ് ലിങ്ക്സ് | 1250 |
| 21.11.18 | 11801010039 | നിയോൺ കമ്പ്യൂട്ടേഴ്സ് | 3900 |
| 21.11.18 | 11801010039 | നിയോൺ കമ്പ്യൂട്ടേഴ്സ് | 900 |

കോൺട്രാക്ടേഴ്സ് ഇ .എം.ഡി

| | | |
|---|---|---|
| 05.12.18 | 11301100526 | 4200 |
| 06.11.14 | 11401100693 | 2000 |

സപ്ലയേഴ്സ് എസ്.ഡി.

| | | | |
|---|---|---|---|
| 20.03.18 | 1190701008142 | മോഹൻ കുമാർ | 3625 |
| 19.10.19 | 117010102366 | ടെക്സ്മോ ഏജൻസീസ് | 1250 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് നിയമാനുസൃതം മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല

2021-22 സാമ്പത്തിക വർഷം പാണ്ടനാട് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരസ്യ തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ആകെ SGST& CGST @2.5% | ഡിസ്കൗണ്ട് 15% |
|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | |
| 24.11.21 | മംഗളം | തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ പത്രപ്പരസ്യം | 8 | 7 | 65 | 3640 (Sgst-77.35 Cgst-77.35) | 546 |
| 26.11.21 | മംഗളം | MCF നിർമ്മിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് നൽകിയ പത്ര പരസ്യം | 8 | 7 | 65 | 3640 (Sgst-77.35 Cgst-77.35) | 546 |
| 12.01.21 | മംഗളം | തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ പത്രപ്പരസ്യം | 8 | 7 | 180 | 3640 (Sgst-77.35 Cgst-77.35) | 546 |
| | | | | | | 10920 | 1638 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 എെ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം, പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കടത്തുവള്ളങ്ങൾ -ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തനം നടത്തുന്നു

ഗ്രാമപഞ്ചായത്തിൽ രണ്ട് കടത്തുകളിലായി വള്ളങ്ങൾ യാത്രക്കാർക്കായി സർവ്വീസ് നടത്തുന്നുണ്ട്. കടത്തുകളെ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു.

| കടവിന്റെ പേര് | വാർഡ് നമ്പർ | കടത്തുകാരന്റെ പേര് |
|---|---|---|
| തുമ്പിൽക്കടവ്-കൊട്ടാരത്തിൽ കടവ് | I | റ്റി.ജി.സുനിൽ കുമാർ |
| പോക്കാട്ട് കടവ് | II | മാർട്ടിൻ.റ്റി.സി |

മേൽ സൂചിപ്പിച്ച 2 കടത്തുവള്ളങ്ങളുടെയും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് (ഡി ഫോം) (എം.ഫോം) പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (06/2023 തീയതി.18.01.23) നൽകുകയും ആയതിന് മറുപടി ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ മറുപടിയോടൊപ്പം ലഭ്യമാക്കിയ രേഖകളിൽ ഫിറ്റ്നസ് സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ് ഉൾപ്പെട്ടിരുന്നില്ല. നിലവിലെ നിയമം അനുസരിച്ച് പഞ്ചായത്തുകൾ നടത്തുന്ന ഫെറികളിൽ ബോട്ടുകൾ, വള്ളങ്ങൾ, ജംഗാറുകൾ എന്നിവയ്ക്ക് നിയമപ്രകാരമുള്ള ലൈസൻസ്, ഫിറ്റ്നസ് എന്നീ സർട്ടിഫിക്കറ്റുകൾ നിർബന്ധമാണ്. ഇതുമൂലമുണ്ടാകുന്ന അപകടമരണങ്ങൾക്കും സകലവിധ കഷ്ട നഷ്ടങ്ങൾക്കും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ഉത്തരവാദിയായിരിക്കുമെന്ന് ചീഫ്

ഇൻസ്പെക്ടർ ഓഫ് ബോട്ട്സ്, ജലവിഭവ വകുപ്പ്, എറണാകുളം 17.10.2008 ന് സി.ഐ.ബി. 10/2006 നമ്പറിൽ കത്തിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച കടത്തുകാരിൽ നിന്ന് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-15 മത്സ്യ ഉത്പാദന സഹകരണ സംഘത്തിന് ടോയ്‌ലറ്റ്-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ്

പ്രോജക്ട് നം. 161/2020-21
പ്രോജക്ടിന്റെ പേര് :- ഫിഷറിസ് കോപ്പറേറ്റീവ് സൊസൈറ്റിക്ക്- ടോയ്‌ലറ്റ് നിർമ്മാണം
എഗ്രിമെന്റ് നം.31/AE/LSGD/PND/21-22 Dated 01-02-2021
കരാറുകാരന്റെ പേര് :- ഹരീഷ്.എം.പി

ബിൽ നം. 11/2021-22 തീയതി 8-02-2022.
2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി മത്സ്യ ഉത്പാദന സഹകരണ സംഘത്തിന് ടൊയ്‌ലറ്റ് നിർമ്മിക്കുന്നതിനായി 99,037/-രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മത്സ്യ ഉൽപാദന സഹകരണ സംഘങ്ങൾ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ ടി സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി തുക ചെലവഴിച്ചിട്ടുള്ളത് ക്രമ പ്രകാരമല്ല. സർക്കാർ ഉത്തരവുകളുടെ പിൻബലത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളതെങ്കിൽ ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.7 തീയതി 19-01-2023) നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മാത്രം അടിസ്ഥാന സൌകര്യ വികസനത്തിനായി തുക ചെലവഴിക്കേണ്ടതെന്നതിനാൽ, പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക 99,037/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-16 ആയുർവേദ ഹോസ്പിറ്റൽ -മെയിന്റനൻസ്- വർക്ക് യഥാസമയം പൂർത്തീകരിച്ചില്ല, ഫൈൻ ഈടാക്കിയില്ല

പ്രോജക്ട് നം. S0138/2019-20
പ്രോജക്ടിന്റെ പേര്:-ആയുർവേദ ഹോസ്പിറ്റൽ -മെയിന്റനൻസ്
എഗ്രിമെന്റ് നം. 43/AE/LSGD/PND/2019-20 തീയതി 02/03/2020
കരാറുകാരന്റെ പേര് :- സാജൻ.പി.മാത്യു
ആയുർവേദ ഹോസ്പിറ്റൽ – മെയിന്റനൻസുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1. 02-03-2020-ൽ വർക്ക് ഓർഡർ നൽകി 6 മാസത്തിനുള്ളിൽ പ്രസ്തുത വർക്ക് പൂർത്തീകരിക്കുവാൻ അസി. എഞ്ചിനിയർ സെലക്ഷൻ നോട്ടീസിൽ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. യഥാസമയം വർക്ക് പൂർത്തീകരിക്കാമെന്ന് സമ്മതിച്ച് കോൺട്രാക്ടർ 02-03-2020-ൽ കരാർ ഒപ്പുവയ്ക്കുകയും സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയുമുണ്ടായി. എന്നാൽ എം.ബുക്ക് പ്രകാരം പ്രസ്തുത വർക്ക് പൂർത്തീകരിച്ചിട്ടുള്ളത് 15-02-2022 ൽ മാത്രമാണെങ്കിലും ഫൈനൽ ബില്ല് മാറി തുക നൽകിയപ്പോൾ കരാർ നിബന്ധന പ്രകാരമുള്ള ഫൈൻ ഈടാക്കിയതായി കാണുന്നില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.9 തീയതി 19-01-2023) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി നൽകി. കരാറുകാരനിൽ നിന്നും രൂപ ഫൈൻ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - ധനവിനിയോഗ രേഖകളുടെ അഭാവം

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ രേഖകൾ പൂർണ്ണമായി ഓഡിറ്റിൽ ലഭ്യമാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 12,08,375/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
എ) ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ – നിക്ഷേപപ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല
വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി രണ്ട് ലക്ഷം രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തൻവർഷം നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തിയായത് സംബന്ധിച്ച വിവരങ്ങളോ ധനവിനിയോഗ സാക്ഷ്യപത്രമോ ഫയലിലില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്, (നം.2, 17-01-2023 )മാർച്ച് അവസാനമാണ് തുക അടച്ചത് എന്നും ആകയാലാണ് പ്രവൃത്തി പൂർത്തിയാകാൻ താമസിക്കുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമായത്. പണം കെട്ടിവച്ച് ഒരു വർഷത്തോളമായിട്ടും പ്രവൃത്തി പൂർത്തിയായിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
ചെലവ് വിവരം
പ്രോജക്ട് നം – 75/22, വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

അടങ്കൽ, ചെലവ് – രണ്ട് ലക്ഷം രൂപ ( കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
വൌച്ചർ നം. –22100989, തീയതി- 22.03.2022, തുക- 10590 രൂപ
വൌച്ചർ നം. –22100984, തീയതി- 26.03.2022, തുക- 127444 രൂപ
വൌച്ചർ നം. –22101104 തീയതി- 31.03.2022, തുക- 61966 രൂപ

ബി) സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ – പ്രവൃത്തി നടന്നതിന്റെ വിവരം ലഭ്യമല്ല

വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റ് ദീർഘിപ്പിക്കലിനായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 14,62,675/-രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ 4,54,300/-രൂപയുടെ പ്രവൃത്തിമാത്രമാണ് പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുള്ളത്. 10,08,375/- രൂപയുടെ പ്രവൃത്തി പൂർത്തിയാകുവാൻ ബാക്കിയാണ്. പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ഏർപ്പെട്ടകരാറിൽ പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി രേഖപ്പെടുത്തിയില്ല. പണിപൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പ്രോജക്ട് നം –74/22, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ
അടങ്കൽ – 16ലക്ഷം രൂപ, (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജില്ലാ പഞ്ചായത്ത് വിഹിതം 8 ലക്ഷം രൂപ വീതം)
ചെലവ്- 1462675 (ജില്ലാ പഞ്ചായത്ത് വിഹിതം-792252 രൂപ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 670423 രൂപ)

ജില്ലാ പഞ്ചായത്ത് വിഹിതം

വൌച്ചർ നം. –22100554, തീയതി- 17.11.2021 തുക-525100 രൂപ
വൌച്ചർ നം. –22100700, തീയതി- 15.01.2022 തുക-267152 രൂപ

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്

വൌച്ചർ നം. –22100807, തീയതി- 22.01.2022 തുക- 29500 രൂപ
വൌച്ചർ നം. –22100808, തീയതി- 22.01.2022 തുക- 25252 രൂപ
വൌച്ചർ നം. –22100809, തീയതി- 22.01.2022 തുക- 9440 രൂപ
വൌച്ചർ നം. –22100879, തീയതി- 24.02.2022 തുക-454300 രൂപ(വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി)
വൌച്ചർ നം. –22100970, തീയതി- 25.03.2022 തുക- 40321 രൂപ
വൌച്ചർ നം. –22100991, തീയതി- 26.03.2022 തുക- 85650 രൂപ
വൌച്ചർ നം. –22101104, തീയതി- 31.03.2022 തുക- 25960 രൂപ

## 1-18 ആശ്രയ ഫണ്ട് യഥാസമയം വിനിയോഗിച്ചില്ല, തുക നിക്ഷേപമായി നിലനിൽക്കുന്നു

ആശ്രയ ഫണ്ടിനത്തിൽ പഞ്ചായത്തിന് ലഭിച്ച 2,49,454/- രൂപ(എ.സി.ആർ പേജ് 45) അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ടി തുക സി.ഡി.എസ്സിന് നാളിതുവരെയും ട്രാൻസ്ഫർ ചെയ്തിട്ടില്ല. ആശ്രയ ഫണ്ടിനത്തിൽ ബാലൻസ് നിൽക്കുന്ന തുക എന്താവശ്യത്തിന് ലഭിച്ച തുകയാണെന്നും വ്യക്തമല്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/18.1.2023) മറുപടി ലഭ്യമാക്കിയില്ല. സമൂഹത്തിലെ ഏറ്റവും ദരിദ്രരും, നിരാലംബരും, മുന്തിയ പരിഗണന അർഹിക്കുന്നവരുമായ അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കാത്തത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം, ആശ്രയ ഗുണഭോക്താക്കളുടെ ഉന്നമനത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ യഥാസമയം നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 1-19 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും ആക്ടീവായി നിലനിൽക്കുന്നു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പാണ്ടനാട് ഗ്രാമ പഞ്ചായത്തിലെ 2021-22 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താവിന്റെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നതിനാൽ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | പെൻഷൻ സ്റ്റാറ്റസ് | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ചെയ്ത തുക |
| 1. | പി.റ്റി തമ്പിക്കുഞ്ഞ് | കർഷക പെൻഷൻ (ക്ഷേമനിധി) | 2220066279 | 05.02.21 | ആക്ടീവ് | 03/21 മുതൽ 10/22 വരെ | 31900/- |

മരിച്ച് 2 വർഷത്തോളമായിട്ടും മേൽപ്പറഞ്ഞ ഗുണഭോക്താവിന്റെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായാണ് കാണുന്നത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/20.1.2023) മറുപടി ലഭ്യമാക്കിയില്ല. മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന ദിവസം തന്നെ സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 വി.ഇ.ഒ നിർവ്വഹിച്ച പദ്ധതികൾ - രേഖകൾ സൂക്ഷിക്കുന്നതിൽ അലംഭാവം, പദ്ധതി നിർവ്വഹണത്തിലും അപാകങ്ങൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ ചെലവ് രേഖകളുടെ സൂക്ഷിപ്പ് അപാകം.
വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളിലെ ചെലവ് രേഖകളിൽ ഓഡിറ്റിന് ലഭ്യമാക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

എ) വീട് വാസയോഗ്യമാക്കൽ (എസ്.സി)

(പ്രോജക്റ്റ് നം 19/22)

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീട് പുനരുദ്ധാരണത്തിനുള്ള ഈ പദ്ധതിയിൽ പതിമൂന്ന് ഗുണഭോക്താക്കൾക്കായി തൻവർഷം 1,27,500/- രൂപ വികസനഫണ്ട് (എസ്.സി.പി) വിതരണം ചെയ്തിട്ടുണ്ട്. അർഹതാരേഖകൾ ലഭ്യമാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.ശ്രീമതി ശാരദ വിജയൻ, വഴിത്തറയിൽ എന്ന ഗുണഭോക്താവിന് രണ്ട് തുല്യ ഗഡുക്കളായി 1.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവിന്റെ അപേക്ഷ, അർഹതാ മാനദണ്ഡങ്ങൾക്കുള്ള തെളിവ്, ബാങ്ക് അക്കൌണ്ട് സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ അടങ്ങുന്ന ഫയൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1.5ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് സമയം വരെയും വീട് പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.

ആദ്യ ഗഡുവായി 75000/- രൂപ വീതം കൈപ്പറ്റിയ ശ്രീമതി വി.കെ സുമതി വേലൻപറമ്പിൽ, ശ്രീ സജീവ് കുമാർ നടുവിലയിൽ എന്നീ ഗുണഭോക്താക്കൾ ഓഡിറ്റ് സമയം വരെയും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി തുടങ്ങാത്തപക്ഷം ആദ്യ ഗഡുവായി കൈപ്പറ്റിയ 75000/- രൂപ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

ചെലവ് വിവരം

അടങ്കൽ – 2250000 (2068000 എസ്.സി.പി, 32000 ജനറൽ)

ട്രഷറി ബിൽ നം. 17, തീയതി 25.1.22, അനുവദിച്ച തുക- 75000 രൂപ (ആകെ ബിൽ തുക-1.5ലക്ഷം രൂപ)

ട്രഷറി ബിൽ നം. 45 തീയതി 31.3.22, അനുവദിച്ച തുക- 75000 രൂപ (ആകെ ബിൽ തുക-2.25ലക്ഷം രൂപ)

ബി) വീട് വാസയോഗ്യമാക്കൽ (എസ്.സി) 2020-21 – പ്രോജക്റ്റ് നം 98/22

പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരുടെ വീട് പുനരുദ്ധാരണത്തിനായി 2020-21ൽ വിഭാവനം ചെയ്യതും 2021-22 ൽ സ്പിൽ ഓവറായി നടപ്പാക്കിയതുമായ ഈ പദ്ധതിയിൽ പുനരുദ്ധാരണം പൂർത്തിയാക്കിയ ആറ് ഗുണഭോക്താക്കൾക്കായി തൻവർഷം രണ്ടാംഗഡുവായി 75000/- രൂപ വീതം ആകെ 450000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ശ്രീമതി ലീലാമണി.സി.ബി എന്ന ഗുണഭോക്താവിന് തൻവർഷം 75000/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താവിന്റെ അപേക്ഷ, അർഹതാ മാനദണ്ഡങ്ങൾക്കുള്ള തെളിവ്, ബാങ്ക് അക്കൌണ്ട് സംബന്ധിക്കുന്ന വിവരങ്ങൾ, പണി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ എന്നിവ അടങ്ങുന്ന ഫയൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 75000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ചെലവ് വിവരം

അടങ്കൽ –450000/- രൂപ (വികസന ഫണ്ട് (എസ്.സി.പി) – 429523/-രൂപ, ജനറൽ – 20477/- രൂപ

ട്രഷറി ബിൽ നം. 2, തീയതി 12.08.2021, അനുവദിച്ച തുക- 75000/- രൂപ (ആകെ ബിൽ തുക-2.25 ലക്ഷം രൂപ)

സി)ഗുണഭോക്താക്കൾക്ക് പണം നൽകാൻ ബാക്കി, സംസ്ഥാനസർക്കാർ വിഹിതം ലഭ്യമാക്കിയിട്ടില്ല

പൊതുവിഭാഗത്തിലെ ഗുണഭോക്താക്കൾക്കുള്ള ലൈഫ് ഭവന പദ്ധതി വഴി തൻവർഷം രണ്ട് ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചത്. ഇതിൽ അന്നമ്മ വർഗ്ഗീസ് എന്ന ഗുണഭോക്താവിന് അവസാന ഗഡുവായ ഒരുലക്ഷം രൂപയിൽ 23791 രൂപ 31.3.2022 ൽ (ട്രഷറി ബിൽ നം.41) അനുവദിച്ചിട്ടുണ്ട്. എന്നാൽ ബാക്കി 76209 രൂപ

ഒരുവർഷത്തോളമായിട്ടും അനുവദിച്ചിട്ടില്ല. ഇതേ പദ്ധതിയിൽ തൻവർഷം തന്നെ മുഴുവൻ തുകയും നൽകിയ ശ്രീമതി തങ്കമ്മ മത്തായിക്ക് പണം അനുവദിച്ചതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തത് വഴി അധിക തുക വിതരണം ചെയ്യപ്പെടാൻ ഇടയാകാം. ഈ പദ്ധതിയിൽ തൻവർഷം 7,23,791ലക്ഷം രൂപ വിനിയോഗിച്ചത് പൂർണ്ണമായും വികസന ഫണ്ടാണ്. അടങ്കലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംസ്ഥാനാവിഷ്കൃത ഫണ്ട് 10 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 4 ലക്ഷം രൂപ എന്നിവയിൽ നിന്ന് സമാന അനുപാതത്തിൽ തുക വിനിയോഗിക്കേണ്ടതാണെങ്കിലും അതുണ്ടായിട്ടില്ല.

ഡി) ഗുണഭോക്താവല്ലാത്ത വ്യക്തിക്ക് പണം അനുവദിച്ചു. തിരിച്ചടച്ച തുക പുനക്രമീകരിച്ച് ലഭിച്ചിട്ടില്ല.

പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്കുള്ള ലൈഫ് ഭവന പദ്ധതി വഴി തൻവർഷം 5 ഗുണഭോക്താക്കൾക്കാണ് പുതിയതായി ധനസഹായം അനുവദിച്ചത്. ആകെ 6.6 ലക്ഷം രൂപ ചെലവഴിച്ചതിൽ ഒരു ലക്ഷം രൂപ മുൻവർഷം പണി ആരംഭിച്ച് തൻവർഷം പൂർത്തിയാക്കിയ ശ്രീമതി.ഓമന കുള്ള അവസാന ഗഡു ആണ്. ബാക്കി 5.6 ലക്ഷം രൂപയിൽ നാല് ലക്ഷം തൻവർഷം പണി ആരംഭിച്ച് പൂർത്തിയാക്കിയ ശ്രീമതി ശാന്തിക്ക് നൽകിയതാണ്. ഒന്നാം ഗഡു നൽകിയ ശ്രീ രാജഗോപാൽ കൊല്ലൻതറയിൽ, ശ്രീ ഗോപി.പി.കെ. മണ്ണാറത്തറ, ശ്രീ പ്രകാശ് അഞ്ജനാട്ട് തറയിൽ, ശ്രീ സുഭാഷ് ബി എന്നിവർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതിൽ ശ്രീ സുഭാഷ് ബി, ശ്രീമതി ശാന്തി എന്നിവരുടെ വിവരങ്ങൾ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച തുക പ്രസ്തുത വ്യക്തികളിൽ നിന്നും പലിശ സഹിതം ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ചെലവ് കൂടാതെ തൻവർഷം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവല്ലാത്ത ശ്രീമതി മഞ്ജു, പ്രമട്ടക്കര ലക്ഷം വീട് കോളനി എന്ന വ്യക്തിക്ക് ആദ്യ ഗഡുവായ 40000 രൂപ (ട്രഷറി ബിൽ നം. 3, 24.8.2021) അനുവദിക്കുകയും ശ്രീമതി മഞ്ജു പ്രസ്തുത തുക 31.3.2022 ൽ സംസ്ഥാന സഞ്ചിത നിധിയിൽ പണം പിൻവലിച്ച ശീർഷകത്തിൽ തന്നെ തിരിച്ചടയ്ക്കുകയും (ചെല്ലാൻ നം. KL027370189202122M) ചെയ്തു. എന്നാൽ ഇതു കൂടി ചേർത്ത് ഏഴ് ലക്ഷം രൂപയാണ് തൻവർഷം ആകെ ചെലവായി സഞ്ചയ സോഫ്റ്റ്‌വെയറിലെ ചെലവ് പത്രികയിൽ ചേർത്തിരിക്കുന്നത്. സഞ്ചിത നിധിയിൽ തിരിച്ചടച്ച തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ട്രഷറി വഴി നേരിട്ട് തിരിച്ചടച്ചതിനാൽ ഈ ഇടപാട് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടുമില്ല.

ഇ) കിണർ നിർമ്മാണം ജനറൽ– (സ്പിൽ ഓവർ)

പ്രോജക്ട് നം. 99/22

പൊതുവിഭാഗത്തിലെ ഗുണഭോക്താക്കൾക്കുള്ള കിണർ നിർമ്മാണ പ്രോജക്ടിൽ, മൂന്ന് ഗുണഭോക്താക്കൾക്കായി 45000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വാല്യുവേഷൻ അടക്കമുള്ള ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമായിട്ടില്ല. ആകയാൽ 45000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

അടങ്കൽ –60000 രൂപ (സി.എഫ്.സി ഗ്രാന്റ്)

ട്രഷറി ബിൽ നം. 8, തീയതി 24.11.2022, തുക- 15000 രൂപ

ട്രഷറി ബിൽ നം. 8, തീയതി 5.03.2022, തുക- 30000 രൂപ

എഫ്) കുടിവെള്ള കിണർ ശുചിത്വ കിണറായി മാറ്റൽ – പ്രോജക്ട് നം 78/22

കുടിവെള്ള കിണർ ശുചിത്വ കിണറായി മാറ്റൽ പ്രോജക്ടിൽ 19 ഗുണഭോക്താക്കൾക്ക് 6000/- രൂപ വീതം ആകെ 114000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ഷീജ, അഖിൽ ഭവനം എന്ന ഗുണഭോക്താവിന്റെ അപേക്ഷ, കിണർ നിർമ്മിച്ചത് സംബന്ധിച്ച വിവരം എന്നിവ ഉൾപ്പടെയുള്ള ചെലവ് സാധൂകരണ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 6000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

അടങ്കൽ – 3.9 ലക്ഷം , സി.എഫ്.സി ഗ്രാന്റ് (റ്റൈഡ്)

വൌച്ചർ നം. 22100978 , ആകെ തുക 42000, തീയതി 25.3.22

ജി) ഒ.ഡി.ഫ് തുല്യത നിലനിർത്തൽ – പ്രോജക്ട് നം 80/22

ഒ.ഡി.ഫ് തുല്യത നിലനിർത്തൽ എന്ന പ്രോജക്ട് വഴി 66800/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ബിൽ, ഗുണഭോക്തൃ വിവരങ്ങൾ എന്നിവയടക്കമുള്ള ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമായിട്ടില്ല. ആകയാൽ 66800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൌച്ചർ നം.XVFC/2021-22/പി/24, തീയതി 19.3.22, തുക 3400/- രൂപ

വൌച്ചർ നം. 22100952, തീയതി 21.3.22 തുക 12000/- രൂപ

വൌച്ചർ നം.22100981, തീയതി26.3.22 തുക 12000/- രൂപ

വൌച്ചർ നം.22100990, തീയതി 26.3.22 തുക 3400/- രൂപ

വൌച്ചർ നം.22101098, തീയതി 31.3.22 തുക 36000/-

എച്ച്) ഉപയോഗ്യമല്ലാത്ത കക്കൂസുകൾ ഉപയോഗ്യമാക്കൽ, ഒ.ഡി.ഫ്

ഉപയോഗ്യമല്ലാത്ത കക്കൂസുകൾ ഉപയോഗ്യമാക്കൽ, ഒ.ഡി.ഫ് എന്നിവയിൽ സ്പിൽ ഓവറായി വിഭാവനം ചെയ്യപ്പെട്ട മൂന്ന് പ്രോജക്ടുകളിലായി തൻവർഷം 598880/- രൂപ ചെലവുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് പത്രികകളിൽ കാണുന്നു. ഇവയുടെ ബിൽ അടക്കമുള്ള ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. ആകയാൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

പ്രോജക്ട് നം 83 -ഉപയോഗ്യമല്ലാത്ത കക്കൂസുകൾ ഉപയോഗ്യമാക്കൽ ജനറൽ

അടങ്കൽ 1275120

ചെലവ് 433520

പ്രോജക്ട് നം. 84 ഉപയോഗമില്ലാത്ത കക്കൂസുകൾ ഉപയോഗയോഗ്യമാക്കൽ (എസ്.സി.)

അടങ്കൽ – 138600

ചെലവ് – 129360

പ്രോജക്ട് നം. 97 ഒ.ഡി.എഫ്. (സ്പിൽ ഓവർ)

അടങ്കൽ – 204000

ചെലവ് – 36000

## 1-21 പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക വിലയുള്ള ലാപ് ടോപ് വാങ്ങി വിതരണം നടത്തി

പ്രോജക്ട് നം. S0013/22

അടങ്കൽ - 572000/- (എസ്.സി.പി)

ചെലവ് - 571753/-

നിർവഹണം - എച്ച്.എം

ബിരുദ/ബിരുദാനന്തര, പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം 571753/- രൂപ (ബിൽ നം.2/17.03.2022) ചെലവഴിച്ച് സി പി ആർ സി എസ് മുഖേന കെൽട്രോണിൽ നിന്നും 13 ലാപ്പ് ടോപ്പുകൾ ലാപ്പ് ടോപ്പ് ഒന്നിന് 43981/- രൂപ നിരക്കിൽ വാങ്ങിയിരുന്നു. സ.ഉ.(ആർ.ടി)നം.2081/2019/തസ്വഭവ/26.9.2019 പ്രകാരം മിഡിൽ ലെവൽ സ്പെസിഫിക്കേഷനുള്ള പരമാവധി 38902/- രൂപ വരെ വിലയുള്ള ലാപ് ടോപ്പാണ് വാങ്ങി നൽകാൻ അനുമതിയുള്ളത്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക വിലയുള്ള ലാപ് ടോപ്പാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/19.1.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിലും അധികനിരക്കിൽ ലാപ്പ് ടോപ്പ് വാങ്ങി നൽകുകയാണുണ്ടായത്. 13 ലാപ് ടോപ്പുകളുടെ വിലയിനത്തിൽ അധികം ചെലവഴിച്ച തുക (13x5079) 66027/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണം - സബ്സിഡി മാർഗ്ഗ രേഖ പാലിച്ചില്ല

പ്രോജക്ട് നം.14/22, മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണ വിതരണം

അടങ്കൽ - 80000/-

ചെലവ് - 31700/-(വി.ഫ ജനറൽ)

എച്ച്.എം നിർവഹണം നടത്തിയ മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണ വിതരണം എന്ന പ്രോജക്ടിൽ 4 ഗുണഭോക്താക്കൾക്ക് സിഡ്കോയിൽ നിന്ന് സ്റ്റീൽ മേശയും കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | എണ്ണം | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|
| മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് | 4 | 31700/-(ബിൽ നം.5/24.3.2022) |

| | | |
|---|---|---|
| ഫർണ്ണിച്ചർ(പ്രോജക്ട് നം.14/22) | | |

മത്സ്യമേഖലയുമായി ബന്ധപ്പെട്ട 13ാം സബ്സിഡി മാർഗ്ഗ രേഖ (ക്രമ നം. 24) പ്രകാരം മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് പരമാവധി 8000 രൂപ യൂണിറ്റ് കോസ്റ്റുള്ള മര ഫർണ്ണിച്ചറുകൾ പർച്ചേസ് കമ്മറ്റി മുഖേന വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഇതിന് വിരുദ്ധമായി 7925 രൂപ വിലയുള്ള സ്റ്റീലിൽ നിർമ്മിച്ച ഫർണ്ണിച്ചറുകളാണ് വാങ്ങി നൽകിയത്. സബ്സിഡി മാർഗ്ഗരേഖ ഖ.7.2.7 പ്രകാരം സ്റ്റീൽ ഫർണീച്ചറിന് ബാധകമായ പരമാവധി സബ്സിഡി 5000/- രൂപ മാത്രമാണ്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/19.1.2023) മറുപടി ലഭിച്ചില്ല. സബിസിഡി മാർഗ്ഗ രേഖ പാലിച്ച് പ്രോജക്ട് നടപ്പാക്കാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കരിമ്പ് കൃഷിക്ക് യാതൊരു പദ്ധതികളും ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കുന്നില്ല

പമ്പാ നദിയുടെ ഇരു കരകളിലുമായി സ്ഥിതി ചെയ്യുന്ന പാണ്ടനാട് ഗ്രാമപഞ്ചായത്ത് തീരസമതല പ്രകൃതിയുള്ള ഭൂമിയാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിതം നയിക്കുന്നവരാണ് ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും. പമ്പാ നദിയുടെ വടക്ക് ഭാഗത്ത് 1 മുതൽ 4 വരെ വാർഡുകളും, തെക്ക് ഭാഗത്ത് 5 മുതൽ 13 വരെയുള്ള വാർഡുകളും സ്ഥിതി ചെയ്യുന്നു. പഞ്ചായത്ത് പ്രദേശത്ത് ഫലഭൂയിഷ്ഠമായ പശിമരാശി മണ്ണാണ് കിടക്കുന്നത്. പശിമരാശി മണ്ണ് തെങ്ങ് കൃഷിക്കും, കരിമ്പ് കൃഷിക്കും അത്യുത്തമമാണെന്ന് പഠനങ്ങൾ വിലയിരുത്തുന്നു. 1 മുതൽ 4 വരെയുള്ള വാർഡുകളിലും 13ാം വാർഡിലും വൻ തോതിൽ കരിമ്പ് കൃഷി ചെയ്തു വരുന്നു. ഗ്രാമപഞ്ചായത്തിന്റെ കൃഷി ഭൂമിയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം | 1041.40 ഹെക്ടർ |
| വയലുകൾ | 656.26 ഹെക്ടർ |
| പുരയിടം | 308.3 ഹെക്ടർ |
| റോഡ്, നദി, കുളം | 76.83 ഹെക്ടർ |

കേരളത്തിൽ പന്തളം, തിരുവല്ല പ്രദേശങ്ങളും ചിറ്റൂർ എന്നിവടങ്ങളിൽ മാത്രമാണ് കരിമ്പ് കൃഷി നാമമായിട്ടെങ്കിലും ഉള്ളത്. തിരുവല്ല പ്രദേശങ്ങളിൽ ഉൾപ്പടുന്നതാണ് പാണ്ടനാട് ഗ്രാമപഞ്ചായത്ത്. 2021-22 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ 5 പദ്ധതികളിലായി 27,91,094 രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കാൻ അടങ്കൽ വെയ്ക്കുകയും 3600500 രൂപയുടെ പദ്ധതി ചെലവുകൾ നടത്തുകയും ചെയ്തു. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ കരിമ്പ് കർഷകർക്ക് വേണ്ടി യാതൊരു പദ്ധതിയും ആവിഷ്കരിക്കരിച്ചില്ല. കരിമ്പ് കർഷകരെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്കൂടി ആവിഷ്കരിക്കേണ്ടത് പ്രളയവും കോവിഡും കൊണ്ട് സാമ്പത്തിക ഭദ്രതയുടെ താളം തെറ്റിയ കർഷകർക്ക് അനിവാര്യമാണ്.

ജി.ഒ.(എം.സ്.) നം. 22/2018 തസ്വഭവ. തീയതി.14.02.2018. സബ്സിഡി മാർഗ്ഗരേഖയുടെ പൊതു നിബന്ധനകളിൽ 2.1ൽ പ്രോജക്റ്റിന് അനുയോജ്യമായവ പ്രാദേശിക പ്രത്യേകതയനുസരിച്ച് മുൻഗണനാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ തീരുമാനിക്കാവുന്നതാണ്. മാർഗ്ഗരേഖയിൽ എല്ലാ വിഭാഗം കൃഷികൾക്കും ഒരു ഹെക്ടറിന് പരമാവധി 7000/- രൂപ അനുവദനീയമാണ്. പാണ്ടനാടിന്റെ പ്രാദേശിക പ്രത്യേകതകളിൽ കരിമ്പ് കൃഷി ഒഴിവാക്കാൻ പറ്റാത്ത ഒരു വിളവിനമാണ്. തുടർവർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രാദേശിക പ്രത്യേകതകൾക്കും പരിഗണന നൽകി കരിമ്പു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കിണർ നിർമ്മാണം (എസ്.സി) – സ്പിൽ ഓവർ പ്രോജക്ട് പോലും നടപ്പായില്ല

പട്ടികജാതി വിഭാഗത്തിന് പുതിയ കിണർ നിർമ്മാണത്തിൽ സബ്സിഡി നൽകാനായി 2020-21 ൽ വിഭാവനം ചെയ്ത പ്രോജക്ട് പൂർണ്ണമായി നടപ്പാക്കാനാകാത്തതിനാൽ 2021-22 പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തുകയുണ്ടായി (നം. 100/22). എന്നാൽ തൻവർഷവും ഒരു ഗുണഭോക്താവിനെ പോലും കണ്ടെത്തി പ്രോജക്റ്റിന്റെ ഭാഗമാക്കാനോ നാമമാത്രമായ തുകപോലും ചെലവഴിക്കാനോ പഞ്ചായത്തിന് കഴിഞ്ഞില്ല. സ്പിൽ ഓവർ പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തത് വഴി ഇതിനായി വകയിരുത്തിയ 70000/- രൂപ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്) നഷ്ടമാകുന്ന അവസ്ഥയുണ്ടായി. ഈ സാഹചര്യം നിലനിൽക്കെ 2021-22 ൽ പുതിയതായി ഇതേകാര്യത്തിന് പ്രോജക്ട് തയ്യാറാക്കി

4.55 ലക്ഷം രൂപ വകയിരുത്തി. അതിൽ നിന്നും ഒരു ഗുണഭോക്താവിനെ പോലും കണ്ടെത്തി കിണർ നിർമ്മിക്കാനാവശ്യമായ പ്രേരണ നൽകാനും നിർവ്വഹണോദ്യോഗസ്ഥനായില്ല. നടപ്പാക്കാനാകാത്ത പദ്ധതികളിൽ തുടർച്ചയായി പണം വകയിരുത്തുകയും അത് ലാപ്സാകുകയും ചെയ്യുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമായില്ല. ഇക്കാര്യത്തിൽ ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 162500 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 162500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 200000 | ആശ്രയ പദ്ധതി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 76480 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ നിർവഹണം | 76480 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 790634 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 790634 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 71491 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 71491 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 792252 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 792252 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | എം.വി ലൈബ്രറിക്ക് അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ | 49640 | 250360 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 96104 | അംഗൻവാടി നിർമ്മാണം വാർഡ് 8 | 96104 | |

.

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | XVFC/202 /1-22/P/8 തീയതി 13-01-2022 | 1462675 | 1462675 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | XVFC/202 /1-22/P/23 തീയതി 18-03-2022 | 200000 | 200000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം.തീയതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി ലൈഫ് ഭവന നിർമ്മാണം | എൽ.എഫ്. 511/2018 തീയതി 02-01-2019 | 0 | 349393 | 352000 | *(-)2607 |

*ലൈഫ് ഭവന നിർമ്മാണം വായ്പ 2607 രൂപ അധികം തിരിച്ചടച്ചിട്ടുണ്ട്. ടി തുക ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര് | രസീത് നം. തീയതി |
|---|---|---|---|---|
| 2011-12 | 3(7B) | 1600 | ഡൊമിനിക് ഡേവിഡ് കോൺട്രാക്ടർ | 121070101458 |
| 2011-12 | 3(8) | 554 | ഇ.ഒ.തോമസ് കോൺട്രാക്ടർ | 121070101466 |
| 2017-18 | 3(3) | 4585 | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 121070101528 |
| 2019-20, 2020-21 | 1(11) | 1050 | ശോശാമ്മ സ്കറിയ മണക്കുന്നേൽ പാണ്ടനാട് | 121070101642 121070101644 121070101647 |
| ആകെ | | 7789 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-1 | 2007-08 | 3.2.3.1 | ആസൂത്രണ രാഹിത്യം 34.2 ലക്ഷം നഷ്ടപ്പെടുത്തി | ലഭ്യമായില്ല |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 36973528 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 38641230 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2315119 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 99037 | ശ്രീമതി മേരി ജിഷ പി ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-17 | 1208375 | ശ്രീമതി ഷൈലജ.പി.എം സെക്രട്ടറി |
| 1-20 | 941680 | ശ്രീ. ബൈജു.റ്റി.എസ്സ് വി.ഇ.ഒ |
| 1-21 | 66027 | ശ്രീ.ഷാജി.കെ.എം എച്ച്.എം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മേരി ജിഷ, പി ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പാണ്ടനാട് ഗ്രാമപഞ്ചായത്ത് | ബോണിഫേസ്, ചാരങ്കാട്ട്, പൊള്ളാത്തൈ പി ഓ |

| | | |
|---|---|---|
| ശ്രീ.ഷാജി.കെ.എം<br>പ്രധാന അദ്ധ്യാപകൻ | പ്രധാന അദ്ധ്യാപകൻ | ലഭ്യമല്ല. |
| ശ്രീമതി ഷൈലജ.പി.എം<br>സെക്രട്ടറി | സെക്രട്ടറി<br>പാണ്ടനാട് ഗ്രാമ<br>പഞ്ചായത്ത് | പ്രണവം<br>വിഷവർശ്ശേരിക്കര<br>മാന്നാർ.പി.ഒ |
| ശ്രീ. ബൈജു.റ്റി.എസ്സ്<br>വി.ഇ.ഒ | വി.ഇ.ഒ<br>താമരക്കുളം ഗ്രാമ<br>പഞ്ചായത്ത് | ബൈജു ഭവനം<br>ചുനക്കര കിഴക്ക്<br>ചുനക്കര.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-1832/11 Dt.1-2-2012 |
| 1998-99 | എൽ.എഫ്.ജി.എ5-1832/11 Dt.1-2-2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/11 Dt.1-2-2012 |
| 2002-03 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 Dt.1-2-2012 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 Dt.1-2-2012 |
| 2004-05 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 Dt.1-2-2012 |
| 2005-06 | എൽ.എഫ്.ജി.എ5-1832 /11 Dt.1-2-2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577B/14 Dt.4-5-2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577B/14 Dt.4-5-2014 |
| 2008-09<br>2009-2010<br>2010-2011 | എൽ.എഫ്.ജി.എ5-1577B/14 Dt.4-5-2014 |
| 2011-2012<br>2012-2013 | എൽ.എഫ്.എ.പി 7-1250/14 Dt 29-08-2014/14-11-2014 |
| 2013-2014 | എൽ.എഫ്.എ.പി 7-679/15 Dt 16-07-2015/6-8-2015 |
| 2014-2015 | കെ.എസ്.എ-എ.എൽ.പി/പി 7/833/16 Dt 29.7.16/3.8.16 |
| 2015-16 | കെ.എസ്.എ-എൽ.പി/പി7-48 /17 Dt 21.01.17/7.2.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി 7-1254/17 Dt 25.10.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി 7-149/19 Dt 08.04.19 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി 7-1034/19 Dt. 22.05.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.7/123/2022/24.02.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.7/124/2022/24.02.2022 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്